<u>മി. സ്പീക്കർ</u>: സൗദിയിൽ നിന്ന് പിരിഞ്ഞുവരുന്ന സഹോദരങ്ങളുടെ വിഷയവുമായി ബന്ധപ്പെട്ട് റൂൾ 50 പ്രകാരം അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. രണ്ട് ദിവസങ്ങൾക്ക് മുമ്പുത്തന്നെ ഈ വിഷയവു മായി ബന്ധപ്പെട്ട് ചട്ടം 300 അനുസരിച്ച് സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് വയ്ക്കണ മെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാ രികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ.സി. ജോസഫിന്റെ കത്തും ചെയറിന്റെ മുന്നിൽ കിട്ടിയിട്ടുണ്ട്. ചട്ടം 300 അനുസരിച്ച് സഭയിലൊരു സ്റ്റേറ്റ്മെന്റ് വെയ്ക്കണമെന്ന അഭ്യർത്ഥന ഒരു മന്ത്രി പറഞ്ഞാൽ അത് പ്രൊട്ടക്ട് ചെയ്യാനുള്ള ഉത്തരവാദിത്തം ചെയറിനുണ്ട്. അത് രണ്ട് ദിവസത്തി നുമുമ്പ് കിട്ടി. എന്നാൽ അടിയന്തരപ്രമേയ പ്രശ്നം വരുന്നത് ഇന്നാണ്. ഇതേ സഭയിൽ, ഇവിടെ ചട്ടം 300 അനുസരിച്ചുള്ള റിക്വസ്റ്റ് നിൽക്കുമ്പോൾത്തന്നെ രണ്ട് പ്രാവശ്യം അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട പ്രശ്നം വന്നിരുന്നു. ഒന്ന്, ശബരിമലയിലെ കൂട്ടമരണവുമായി ബന്ധപ്പെട്ടതും മറ്റൊന്ന്, വില വർദ്ധനവുമായി ബന്ധപ്പെട്ടതുമാണ്. അന്ന് ചട്ടം 300 അനുസരിച്ചുള്ള മന്ത്രി യുടെ സ്റ്റേറ്റ്മെന്റും അതോടൊപ്പംതന്നെ റൂൾ 50 അനുസരിച്ച് റിക്വസ്റ്റും ഉണ്ടായിരുന്നു. അന്ന് റൂൾ 50 അനുവദിച്ചു. റൂൾ 50 അനുവദിച്ചതുമായി ബന്ധപ്പെട്ട് വന്ന ഡിബേറ്റുകളൊക്കെ പഴയ രേഖയെടുത്തുനോക്കിയാൽ വളരെ ഇന്ററസ്റ്റിംഗ് ആയിരിക്കുമെന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. ഇന്നത്തെ കാര്യവിവര പട്ടികയിൽ ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു

മന്ത്രിയുടെ ഒരു പ്രസ്താവന ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വദേശിവത്ക്കരണ നിയമം കർശനമായി നടപ്പിലാക്കാനുള്ള സൗദിഅറേബ്യൻ ഗവൺമെന്റിന്റെ തീരുമാനംമൂലം മലയാളി സമൂഹം നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എടുത്തിട്ടുള്ള നടപടികളാണ് ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയവുമായി ബന്ധപ്പെട്ട കത്ത് മാർച്ച് 27-ന് തന്നെ ചെയറിന് നൽകിയിരുന്നു. പൊതുപ്രാധാന്യം അർഹിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് സ്പീക്കറുടെ സമ്മതത്തോടെ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്താൻ മന്ത്രിക്ക് അവകാശമുണ്ട്. പ്രസ്തുത പ്രസ്താവന നടത്തുന്ന സമയത്ത് വിഷയവുമായി ബന്ധപ്പെട്ട യാതൊരു ചോദ്യവും അനുവദനീയമല്ല. ഇതേ വിഷയത്തിൽമേലുള്ള ചട്ടം 50 പ്രകാരമുള്ള നോട്ടീസ് ഇന്നു രാവിലെയാണ് ചെയറിന് ലഭിക്കുന്നത്, സാധാരണഗതിയിൽ അങ്ങനെയാണ്. പൊതുപ്രാധാന്യം അർഹിക്കുന്നതും അടിയന്തര സ്വഭാവത്തിലുമുള്ള സംഗതികൾ ചർച്ച ചെയ്യുവാൻ സഭയുടെ അടിയന്തരനടപടി നിർത്തിവയ്ക്കുന്നതിനുവേണ്ടിയുള്ള പ്രമേയം സ്പീക്കറുടെ സമ്മതത്തോടെ അവതരിപ്പിക്കാൻ ചട്ടം 50 പ്രകാരം അംഗങ്ങൾക്ക് അവകാശമുണ്ട്. ഇതിനുമുമ്പ് രണ്ട് തവണ സഭയിൽ ചട്ടം 300 പ്രകാരമുള്ള വിഷയം അജണ്ടയിൽ ഉള്ളപ്പോൾത്തന്നെ അതേ വിഷയത്തിന്മേൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസും ലഭിച്ചിട്ടുണ്ട്. പമ്പയിൽ 53 തീർത്ഥാടകർക്കുണ്ടായ ദാരുണമായ മരണത്തെ സംബന്ധിച്ച് 1999 ജനുവരി 25-നും, ഭക്ഷ്യ സബ്സിഡി കുറയ്ക്കുവാനുള്ള കേന്ദ്ര തീരുമാനം സംബന്ധിച്ച് 2000 മാർച്ച് 2-നും ചട്ടം 300 പ്രകാരമുള്ള മന്ത്രിമാരുടെ സ്റ്റേറ്റ്മെന്റ് അജണ്ടയിലുള്ള

പ്പോൾത്തന്നെ അതേ വിഷയത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതര ണാനുമതിക്ക് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ചട്ടം 300 അനുസരിച്ച് അജണ്ടയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയത്തിന് സംരക്ഷണം കൊടുക്കേണ്ട ബാധ്യത ചെയറിനുണ്ട്. മറ്റൊരു രാജ്യത്തെ നിയമം അനുസരിച്ച് പ്രസ്തുത രാജ്യത്ത് നടപ്പിലാക്കുന്ന ചില നിയമ നടപടികളുടെ ഭാഗമായി പ്രവാസി മലയാളിക ളുൾപ്പെടെയുള്ളവർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ചട്ടം 50 അനുസരിച്ച് സഭ യിൽ ഉന്നയിക്കുവാൻ യഥാർത്ഥത്തിൽ കഴിയുന്ന വിഷയമല്ല. എന്നിരുന്നാലും ഇതുമൂലം സൗദിയിലുള്ള പ്രവാസി മലയാളികൾക്ക് നേരി ടേണ്ടി വന്ന ബുദ്ധിമുട്ടും അത് സംസ്ഥാനത്ത് ഉളവാക്കുന്ന പ്രശ്നങ്ങളും സഭയിൽ ഉന്നയിക്കുവാൻ അവസരം നൽകാതിരിക്കുന്നത് ശരിയാണെന്ന് ചെയറിന് അഭിപ്രായമില്ല. ആയതിനാൽ അവതരണാനുമതി തേടാൻ ബഹു മാനപ്പെട്ട അംഗത്തെ അനുവദിക്കുന്നു. ഈ വിഷയത്തിന്മേൽ വിശദീകരണം നൽകിയതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിക്ക് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നടത്താവുന്നതാണ്. ചെയറിന് ഒരു അഭ്യർത്ഥന കൂടിയുണ്ട്. ഇവിടെ നടക്കുന്ന ചർച്ചകൾ സൗദിയിൽ നിന്ന് പിരിഞ്ഞുവന്ന് തിരിച്ചുപോ കാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കും ഇപ്പോൾ സൗദിയിലുള്ള സഹോദരങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്ന തരത്തി ലേയ്ക്ക് നമ്മുടെ ചർച്ചകൾ മാറരുത്. വാക്പോരുകളിലൂടെ നമുക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. നയതന്ത്ര ബന്ധങ്ങളിലൂടെ മാത്രമേ സാധ്യമാകൂ. അതുകൊണ്ട് നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി മറ്റ് രാജ്യവു മായ ബന്ധപ്പെട്ട വിഷയമാകുമ്പോൾ നമ്മുടെ വാക്കുകളിലെ മിതത്വം, അതിന്റെ നിലവാരം, സത്യസന്ധമായ ആത്മാർത്ഥത എല്ലാം അതിൽ ഉണ്ടാക

ണമെന്നാണ് ചെയറിന് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ നടക്കുന്ന ചർച്ച സാധാരണഗതിയിലുള്ള വികാരവിചാരങ്ങൾക്കും മറ്റ് താൽപ്പര്യങ്ങൾക്കുമപ്പുറം നിന്നുകൊണ്ട് പൊതു സമൂഹത്തിനുവേണ്ടി, നമ്മുടെ സഹോദരങ്ങൾക്കുവേണ്ടിയുള്ള ഒരു വിഷയമായി മാറാൻ തീർച്ചയായും ഇത് അവതരിപ്പിക്കുന്ന അംഗങ്ങളെല്ലാവരും ശ്രദ്ധിക്കണമെന്നും ശ്രമിക്കണമെന്നുമാണ് ചെയറിന് വിഷയം അനുവദിക്കുന്നതിന് മുമ്പുത്തന്നെ അഭ്യർത്ഥിക്കാനുള്ളത്.

**അടിയന്തരപ്രമേയം**

**നിതാഖാത്ത് നിയമം**

മി. സ്പീക്കർ: സൗദിഅറേബ്യയിൽ സ്വദേശിവത്ക്കരണത്തിനുള്ള നിതാഖാത്ത് നിയമം കർശനമായി നടപ്പിൽ വരുത്തിയതിനെത്തുടർന്ന് ലക്ഷക്കണക്കിന് മലയാളികൾ തൊഴിലിൽ നിന്ന് പുറത്താക്കപ്പെട്ട് നാട്ടിലേയ്ക്ക് തിരിച്ച് വന്നുകൊണ്ടിരിക്കുകയാണ്. തൊഴിൽ നഷ്ടപ്പെട്ട് എന്ത് ചെയ്യണമെന്നറിയാത്ത പ്രവാസി മലയാളികളുണ്ട്. സൗദിയിലും നാട്ടിലുമുള്ള അവരുടെ കുടുംബാംഗങ്ങൾ ആശങ്കയിലും പ്രതിസന്ധിയിലും ആയിരിക്കുന്നതിനാലും അതുമായി ബന്ധപ്പെട്ട് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കെ. വി. അബ്ദുൾ ഖാദർ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെയും മെമ്പർമാർ നോട്ടീസിൽ പറയുന്നതുപോലെയും കേരളത്തെ

സംബന്ധിച്ച് വളരെയേറെ ഗൗരവമായ വിഷയമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. സൗദി അറേബ്യയിലെ സ്വകാര്യ സ്ഥാപനങ്ങളിൽ സ്വദേശിവത്ക്കരണം നടപ്പിലാക്കാനും യഥാർത്ഥ സ്പോൺസർമാരിൽ നിന്ന് മാറി ജോലി ചെയ്യുന്നവരെ മടക്കി അയയ്ക്കാനുമുള്ള തീരുമാനം നമുക്കാകെ വലിയ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. നിയമം നടപ്പിലാക്കാൻ വേണ്ടി നൽകിയ തീയതി മാർച്ച് 27-ന് കഴിഞ്ഞു. സ്വകാര്യ മേഖലയിലെ തൊഴിൽ രംഗത്ത് പത്ത് ശതമാനം മാത്രമുള്ള സ്വദേശികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നിതാഖാത്ത് അല്ലെങ്കിൽ കാറ്റഗറൈസേഷൻ നിയമം 2009 ജൂലൈ 27 -ന് നോട്ടിഫൈ ചെയ്തത്. രണ്ട് പ്രാവശ്യം സമയം നീട്ടി കൊടുത്തു. അവസാനത്തെ തീയതിയാണ് മാർച്ച് 27, ആ തീയതിയും കഴിഞ്ഞു. സ്വാഭാവികമായും നിയമം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഇതു സംബന്ധിച്ച് വരുന്ന വാർത്തകൾ വളരെയേറെ അതിശയോക്തിപരമാണ്. സംഭവത്തിന്റെ ഗൗരവം ഉൾക്കൊള്ളുമ്പോൾത്തന്നെ ഇങ്ങനെയുള്ള പർവ്വതീകരിച്ച വാർത്തകൾ ഉണ്ടാക്കുന്ന പ്രത്യാഘാതം ദയവായി കാണാതെ പോകരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. കേരളത്തിന് വളരെയേറെ ഉത്ക്കണ്ഠ ഇക്കാര്യത്തിലുണ്ട്. സാധാരണക്കാരായ മലയാളി പ്രവാസികൾ കൂടുതലായി ജോലി ചെയ്യുന്ന റെസ്റ്റോറന്റുകൾ, ഗ്രോസറി ഷോപ്പുകൾ തുടങ്ങിയവയാണ് നിതാഖാത്ത് നിയമം ദോഷകരമായി ബാധിക്കുന്നത്. സ്വദേശിവത്ക്കരണം മൂലം ഈ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കാതെ വന്നാൽ പതിനായിരക്കണക്കിന് ആളുകൾ തൊഴിൽരഹിതരാകുന്ന സ്ഥിതിയുണ്ടാകും. ഇതോടൊപ്പംതന്നെ ഫ്രീ വിസാ എന്ന പേരിൽ അറിയപ്പെടുന്ന സമ്പ്രദായത്തിലൂടെ ഒറിജിനൽ സ്പോൺസർക്ക് പകരം മറ്റ് തൊഴിൽ ചെയ്യുന്ന ആളുകളെ

മടക്കി അയയ്ക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പരിഭ്രാന്തിക്ക് കാരണമില്ലെങ്കിലും ഈ സാഹചര്യം ഉയർത്തുന്ന സ്ഥിതി വിശേഷം ഗൗരവമായി കണക്കിലെടുക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ കഴിഞ്ഞ വ്യാഴാഴ്ച തന്നെ ബഹുമാന്യനായ മുഖ്യമന്ത്രി സൗദി അറേബ്യയിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ടു. കേന്ദ്ര ഗവൺമെന്റുമായും, കേന്ദ്രത്തിലുള്ള മന്ത്രിമാരുമായും ബന്ധപ്പെട്ടു. കേന്ദ്ര പ്രവാസികാര്യ മന്ത്രി ശ്രീ. വയലാർ രവിയുമായും, വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദുമായും ബന്ധപ്പെട്ടു. ശ്രീ. ഇ. അഹമ്മദ് സാഹിബ് സൗദി അറേബ്യയിലെ മന്ത്രിയുമായി നേരിട്ട് സംസാരിക്കുകയുണ്ടായി. നയതന്ത്രതലത്തിൽ ഡിപ്ലോമാറ്റിക് ചാനലിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ വേണ്ടി ആത്മാർത്ഥമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ശ്രമിക്കുന്നുണ്ട്. ഒരുകാര്യം മനസ്സിലാക്കേണ്ടത്, ഒരു സ്വതന്ത്ര ഭരണാധികാര രാജ്യം, ആ രാജ്യത്തിന്റെ സാമ്പത്തിക നയങ്ങൾ തീരുമാനിക്കാനുള്ള അവകാശം അവർക്കുതന്നെയാണ്. ഇന്ത്യയുടെ സ്വതന്ത്രമായ സാമ്പത്തിക വിഷയമാണെങ്കിൽ അതിൽ ഇടപെടാൻ ആരെയും സമ്മതിക്കില്ല. അതുപോലെ സൗദി അറേബ്യയിലെ നിയമങ്ങൾ അവരുടെ ചുമതലയാണ്, അവരുടെ അവകാശമാണ്. നമുക്ക് ചെയ്യാൻ കഴിയുന്നത്, സൗദ്യ അറേബ്യയുമായി ഇന്ത്യയ്ക്കുള്ള ഏറ്റവും നല്ല ബന്ധം ഉപയോഗപ്പെടുത്തി നയതന്ത്ര ചാനലുകളിലൂടെ അവരുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ആശങ്ക അറിയിക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി ആദ്യംത്തന്നെ ആവശ്യപ്പെട്ടത് അറു മാസത്തേയ്ക്കെങ്കിലും പൊതുമാപ്പ് കൊടുക്കാൻ കഴിയണമെന്നാണ്. അതാണ് ഏറ്റവും പരിഹാരമായ മാർഗ്ഗം. അവിടെ കുറ്റൂജായി കഴിയുന്ന ധാരാളം ആളുകളുണ്ട്. ഇവിടെ ഈ സഭയിലു

ളള പല മെമ്പർമാരും ഗൾഫിൽ ജോലി ചെയ്തിട്ടുളള ആളുകളാണ്. നമ്മുടെ ധാരാളം ബന്ധുക്കളും സുഹൃത്തുക്കളും അവിടെയുണ്ട്. നമുക്കറിയാം അവിടെ കുറൂജായി. കഴിയുന്നവരുണ്ട് അവരൊക്കെ ഭയപ്പെട്ട് കഴിയുകയാണ്. അതുപോലെ സ്പോൺസറായി മാറിയവരുണ്ട്. നിതാഖാത്ത് നിയമം വരുമ്പോൾ അതിന്റെ പ്രയാസം അനുഭവിക്കുന്നുണ്ട്. ഇതിനെല്ലാമൊരു പരിഹാര മാർഗ്ഗം ആറുമാസത്തേയ്ക്കെങ്കിലും പൊതുമാപ്പ് ലഭിച്ചാൽ ആ കാലഘട്ടത്തിനുളളിൽ നിയമവിധേയമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സാധിക്കും അതിന് ഗവൺമെന്റ് വളരെയേറെ സജീവമായി ശ്രമിക്കുന്നുണ്ട്.

സൗദി അറേബ്യയിലെ ഇന്ത്യൻ എംബസിയുമായും മലയാളി സംഘടനകളുമായും സാമൂഹിക പ്രവർത്തകൻമാരുമായും ഗവൺമെന്റ് ബന്ധപ്പെടുകയുണ്ടായി. അവിടത്തെ സംഭവ വികാസങ്ങൾ മാധ്യമങ്ങളിൽ വരുന്നതുപോലെ അത്രയേറെ ഗുരുതരമല്ല. ശ്രീ. കെ.വി. അബ്ദുൾ ഖാദർ പ്രവാസി സംഘത്തിന്റെ പ്രസിഡന്റാണ്. അങ്ങേയ്ക്കറിയാം, അങ്ങ് നേരിൽ ബന്ധപ്പെട്ടുനോക്കണം. കഴിഞ്ഞ നാലുദിവസമായി മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ എല്ലാ പരിധികളും കടന്ന് ആളി കത്തിക്കുന്നതാണ്. ഏതാണ്ട് 40 ലക്ഷം മലയാളികൾ ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. മടങ്ങി വരുന്നവർ മാത്രമല്ല, അവിടെ ജോലി ചെയ്യുന്നവരുമുണ്ട്. ദയവായി അവരുടെ താൽപ്പര്യത്തിന് നിരക്കാത്ത ഒരു കാര്യങ്ങളും നമ്മൾ പറയാനും ചർച്ച ചെയ്യാനും പാടില്ല. ആ ഗൗരവത്തിൽ തീർച്ചയായും സൗദി നിയമത്തിൽ ആവശ്യമായ ഇളവ് വരുത്താനും പരിഗണന ലഭിക്കാനും ശ്രമിക്കണം. പക്ഷേ അതിനപ്പുറത്തേയ്ക്ക് പോയാൽ തീർച്ചയായും അപകടത്തിലാകുന്നത് കേരളത്തിന്റെ താല്പര്യം തന്നെയാണ്. ഇവിടെ വരുന്ന മലയാളം

വാർത്തകൾ ട്രാൻസിലേറ്റ് ചെയ്ത് അറബിയിലാക്കി സൗദി ഗവൺമെന്റിന് കൊടുക്കുന്നുവെന്നാണ് പറയുന്നത്. ഈ വാർത്തയൊക്കെ വായിച്ചാൽ അവർ ചെയ്യാത്ത കാര്യത്തിൽ.......... ഇന്നത്തെ കേരള കൗമുദി പത്രത്തിൽ ഒരുവാർത്തയുണ്ട്; റിയാദ് റിപ്പോർട്ടാണത്. കേരളത്തിലെ ചില മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നതുപോലെ സൗദിയിൽ നിന്ന് മലയാളികൾ കൂട്ടത്തോടെ തിരിച്ചുപോകുന്ന സാഹചര്യമില്ലെന്നും നിയമ ലംഘകർക്കെതിരായി മാത്രമാണ് നടപടിയെന്നും സൗദി അറേബ്യയുടെ തൊഴിൽ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി അഹമ്മദ് അൽ സുബേദാർ അറിയിച്ചു. അങ്ങയുടെ ഈ അടിയന്തര പ്രമേയത്തിൽ പറയുന്നത് നിതാഖാത്ത് നിയമം നടപ്പിലാക്കുന്നതോടുകൂടി ലക്ഷക്കണക്കിന് മലയാളികൾ തൊഴിലിൽ നിന്ന് പുറത്താക്കപ്പെടുകയും കൂട്ടത്തോടെ നാട്ടിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നാണ്. ദയവായി നമ്മൾ ഈ സംഭവത്തെ ഗൗരവമായി കാണണം, അതിന്റെ ഗൗരവം ഉൾക്കൊള്ളണം. പക്ഷേ അത്രയേറെ ആളുകളെ മടക്കി അയച്ചിട്ടില്ല. സ്വാഭാവികമായും ലാസ്റ്റ് ഡേറ്റ് കഴിഞ്ഞു, പരിശോധന ആരംഭിച്ചിട്ടുണ്ട്, പരിശോധന നടക്കുന്നുണ്ട്. പക്ഷേ ഒരു alarming situation അല്ല. നമ്മൾ പരിഭ്രമിക്കേണ്ട ഒരു കാര്യവുമില്ല. ഇതിനുള്ള പരിഹാര മാർഗ്ഗം നയതന്ത്ര ചാനലുകളുടെ ഇടപെടൽ മാത്രമാണ്. അതുകൊണ്ട് മുഖ്യമന്ത്രി, പ്രധാനമന്ത്രിയുമായി ബന്ധപ്പെടുന്നുണ്ട്. ഇന്ന് വൈകുന്നേരം കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. വയലാർ രവിയും വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് സാഹിബും അവിടെ ചർച്ചകൾ നടത്തുന്നുണ്ട്. സംഭവത്തിന്റെ ഗൗരവം പൂർണ്ണമായും കേരളം ഉൾക്കൊള്ളുന്നു, അത് കേന്ദ്രത്തിനെ ബോധ്യപ്പെടുത്തുന്നുണ്ട്. പക്ഷേ

അതിനപ്പുറത്തേയ്ക്ക് നമ്മൾ കാര്യങ്ങൾ കൊണ്ടുപോകുന്നത് ഗൾഫിൽ ജീവിക്കുന്ന മലയാളികളുടെ താൽപ്പര്യങ്ങൾക്ക് അനുഗുണമായിരിക്കുകയില്ല. നേരത്തെ ശ്രീ. ജോസഫ് വാഴയ്ക്കന്റെ ഒരു സബ്മിഷനുണ്ടായിരുന്നു. ഇത്രയും കാലമായിട്ടും ഗൾഫിൽ കഴിയുന്ന മലയാളികളുടെ കണക്ക് കേരളത്തിലും കേന്ദ്ര ഗവൺമെന്റിലുമില്ല. എത്ര മലയാളികൾ ഗൾഫിലുണ്ടെന്ന് നമുക്കറിയില്ല. കാരണം ആദ്യകാലഘട്ടത്തിൽ പത്തേമാരിയിൽ പോയ ആൾക്കാരുണ്ട്. നിയമവിധേയമായല്ലാതെ പോയ ആൾക്കാരുമുണ്ട്. അതുകൊണ്ടാണ് ഇവിടെ ആവശ്യപ്പെട്ടതുപോലെ പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ വീടുകളിൽ ഒരു ഡോർ ടു ഡോർ സർവ്വെ നടത്തി എത്രയാളുകൾ കേരളത്തിൽ നിന്ന് പോയിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചുള്ള ഒരു സർവ്വെ ആരംഭിക്കുവാൻ പോകുകയാണ്. അതുപോലെ തന്നെ മടങ്ങി വരുന്ന ആളുകളെ സംബന്ധിച്ചും റിപ്പോർട്ടുകൾ അതിശയോക്തിപരമാണ്. കാരണം ആയിരങ്ങൾ മടങ്ങിവരുന്നില്ല. സാധാരണഗതിയിൽത്തന്നെ ഗൾഫിൽ നിന്ന് ജോലി മതിയാക്കി മടങ്ങിവരുന്ന ആളുകളുണ്ട്. അതിനപ്പുറത്തേയ്ക്കുള്ള പ്രൊപ്പോഷനൊന്നും പോയിട്ടില്ല. എങ്കിലും നോർക്ക മുൻകൈ എടുത്തുകൊണ്ട് കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലും നോർക്കയുടെ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നുണ്ട്. മടങ്ങി വരുന്ന ആളുകളുടെ വിവരം ശേഖരിക്കാൻ ശ്രമിക്കുന്നുണ്ട്. അതുപോലെ തന്നെ ഇന്നുമുതൽ നോർക്ക ഓഫീസിൽ 24 X 7 അവിടെ നോർക്കയുടെ കോൾ സെന്റർ ആരംഭിക്കുന്നുണ്ട്. ഗവൺമെന്റിനെക്കൊണ്ട് കഴിയുന്ന കാര്യങ്ങൾ ചെയ്യുവാൻ ആത്മാർത്ഥമായി പരിശ്രമിക്കും. എനിക്ക് അപേക്ഷിക്കാനുള്ളത്

ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതുപോലെ ഈ ചർച്ചയിൽ നിയന്ത്രണം ഉണ്ടാകണം. നമ്മുടെ ബാലൻസ് തെറ്റാൻ പാടില്ല. തീർച്ചയായും കേരളത്തിന്റെ താൽപ്പര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനും ഇടപെടീക്കാനുമുള്ള സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ അറിയിക്കുകയാണ്. അതുകൊണ്ട് നമ്മൾ സംസാരിക്കുമ്പോഴും നമ്മുടെ ചർച്ചകളിലും നമ്മുടെ മനസ്സിലുണ്ടാകേണ്ടത് ഗൾഫിൽ കഴിയുന്ന മലയാളികളുടെ താൽപ്പര്യങ്ങൾ ആണെന്നുകൂടി ഞാനിവിടെ അനുസ്മരിപ്പിക്കുകയാണ്.

<u>ശ്രീ. കെ. വി അബ്ദുൾ ഖാദർ</u>: സർ, സൗദി അറേബ്യയിലെ നിതാഖാത്തുമൂലം വളരെയേറെ ഭീഷണി നേരിടുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ നിതാഖാത്ത് എന്നുപറഞ്ഞാൽ തരംതിരിക്കൽ എന്നാണർത്ഥം. തൊഴിൽ മേഖലയിൽ തരംതിരിക്കൽ നടത്തി സ്വദേശി വൽക്കരണം ശക്തിപ്പെടുത്താനാണ് സൗദി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇന്ത്യൻ സമൂഹത്തിന്റെയും സമ്പദ്ഘടനയുടെയും രക്ഷാകവചമാണ് പ്രവാസികൾ. ഏറ്റവും ഒടുവിൽ ലോക ബാങ്കിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടുപ്രകാരം 2011-2012 വർഷത്തിൽ 70 ബില്ല്യൻ ഡോളർ അതായത് 3,78,000 കോടി രൂപയാണ് ഇന്ത്യയിലെ ബാങ്കുകളിലൂടെ നമ്മുടെ നാട്ടിലേയ്ക്ക് വന്നിട്ടുള്ളത്. 23 വർഷങ്ങളിൽ കഴിഞ്ഞ 15 തവണയും പ്രവാസി പണത്തിന്റെ കാര്യത്തിൽ ഇന്ത്യ തന്നെയാണ് ഒന്നാം സ്ഥാനത്തുള്ളത്. ലോക സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ ഇന്ത്യ ഉലയാതെ നിന്നതിന്റെ ഒരു കാരണം പ്രവാസി പണം

തന്നെയായിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസി പണം വരുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക വരുമാനത്തിന്റെയും റവന്യൂ വരുമാനത്തിന്റെയും 1.6 ഇരട്ടിയാണ് നമ്മുടെ വരുമാനം. നമ്മുടെ സഹോദരങ്ങൾ ചോര നീരാക്കി ഇങ്ങോട്ട് അയയ്ക്കുന്ന പണം തന്നെയാണിത്. മലയാളികളുടെ പ്രവാസത്തിന് കണ്ണുനീരിന്റെയും വിരഹത്തിന്റെയും ഒരായിരം കഥകൾ പറയാനുണ്ട്. സിലോണിലും മലേഷ്യയിലും റംഗൂണിലുമാണ് ഒരു കാലത്ത് മലയാളികൾ അന്നം തേടിയത്. ആ കവാടങ്ങൾ അടഞ്ഞപ്പോൾ പത്തേമാരികളിലും ലോഞ്ചുകളിലും കപ്പലുകളിലുമൊക്കെയായി മരുഭൂമികളിലേയ്ക്ക് പോയി. ഊഷരമായ ഈ ഭൂമിയെ പുനഃസൃഷ്ടിക്കുന്നതിൽ ഗൾഫ് മലയാളികളുടെ ആദ്യ തലമുറ രചനാത്മകമായിട്ടുള്ള പങ്കാണ് വഹിച്ചത്. അറബ് ഭരണാധികാരികളുടെ കൊട്ടാരങ്ങളിലും അന്തഃപുരങ്ങളിലുംവരെ സ്വീകാര്യതയുള്ളവരായി മലയാളികൾ മാറി. നാം ആർജ്ജിച്ച വിശ്വാസ്യതയും കഠിനാദ്ധ്വാനവുമാണ് ഈ നേട്ടങ്ങൾ നമുക്ക് ഉണ്ടാക്കി തന്നത്. ഗൾഫിലെ ഉണങ്ങി വരണ്ട ഭൂമിയിൽ നഗരങ്ങളും പൂന്തോട്ടങ്ങളും സൃഷ്ടിക്കുന്നതിന് സമാനമായി ഇന്ന് കേരളത്തിലെ ചെറ്റക്കുടിലുകൾ ഓട് മേഞ്ഞതും കോൺക്രീറ്റുമൊക്കെയായി മാറി. മലയാളികളുടെ ജീവിതത്തിൽ മാറ്റത്തിന്റെ സർവ്വതല സ്പർശിയായിട്ടുള്ള മുന്നേറ്റങ്ങളുണ്ടായി. ഈ ചർച്ചയിൽ പ്രധാനമായും നമ്മുടെ സഭ കേന്ദ്രീകരിക്കേണ്ട ഒരുകാര്യം നമ്മുടെ ഭരണകൂടം എങ്ങനെയാണ് പ്രവാസി സമൂഹത്തോട് പൊതുവിൽ പെരുമാറിയത് എന്നതു സംബന്ധിച്ച് ഒരു ചർച്ചയുണ്ടാകണം എന്നതാണ്. 1922-ലെ ബ്രിട്ടീഷ് ഇന്ത്യാ

എമിഗ്രേഷൻ ആക്ട്, അതിന്റെ പേര് മാറ്റിയാണ് നമ്മൾ ഇപ്പോഴും തുടരുന്നത്. 1983 -ൽ അത് ഇന്ത്യൻ എമിഗ്രേഷൻ ആക്ട് എന്നാക്കി മാറ്റി. ബ്രിട്ടീഷുകാർ ദക്ഷിണാഫ്രിക്കയിലേയ്ക്കും ഫ്യൂജിയിലേയ്ക്കും ഇന്ത്യൻ കൂലികളെ കൊണ്ടുപോകാൻവേണ്ടി ഉണ്ടാക്കിയ ആക്ട് തന്നെയാണ് ഇപ്പോഴും നമ്മൾ പിൻതുടരുന്നത്. അതുകൊണ്ടുതന്നെ ഈ പ്രവാസികളുടെ ക്ഷേമം എന്നത് നമ്മുടെ എമിഗ്രേഷൻ ആക്ടിൽ വലിയ പ്രശ്നമേയല്ല. അതുകൊണ്ട് സമഗ്രമായൊരു കുടിയേറ്റ നിയമം നമുക്കുണ്ടാകണം. ആ സമഗ്രമായ കുടിയേറ്റ നിയമമെന്നുപറയുന്നത് ഈ പ്രവാസി തൊഴിലാളിയുടെയോ അല്ലെങ്കിൽ അവിടെ പണിയെടുക്കുന്നവരുടെയോ തലയിൽ പുതിയ ബാദ്ധ്യതകൾ അടിച്ചേൽപ്പിക്കുക എന്നുള്ളതല്ല. ലോകത്ത് പല രാജ്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നതുപോലെ അവർക്കുവേണ്ടി ഇന്ത്യാ ഗവൺമെന്റ് ചില കാര്യങ്ങൾ ചെയ്യണം. ഏറ്റവും കൂടുതൽ പ്രവാസി പണം ലഭിക്കുന്ന രാജ്യം ഇന്ത്യയാണ്. ഇന്ത്യയോടൊപ്പം പ്രവാസി പണം ലഭിക്കുന്ന അല്ലെങ്കിൽ ഇന്ത്യയുടെ അടുത്തുപോലും എത്താത്ത ചില രാജ്യങ്ങളുണ്ട്. ഫിലിപ്പീൻസ്, മലേഷ്യ, ശ്രീലങ്ക എന്നിവിടങ്ങളിൽ വളരെ സമഗ്രമായ കുടിയേറ്റ നിയമമുണ്ട്. അതാത് രാജ്യങ്ങളിലെ പൗരൻമാർ വിദേശ രാജ്യങ്ങളിൽ ജോലിയെടുക്കാൻ പോകുകയാണ്. അവരുടെ ക്ഷേമം ആ ഗവൺമെന്റുകൾ ഉറപ്പുവരുത്തുന്നു. അതാണ് ഏറ്റവും വലിയ മാറ്റം. പക്ഷേ ഇന്ത്യയ്ക്ക് അങ്ങനെയൊരു നയമില്ല. പ്രവാസിക്ഷേമം എന്നത് നമ്മുടെ എംബസികളുടെ അജണ്ടയിലില്ല. അവരെ പറഞ്ഞിട്ട് കാര്യമില്ല, അത് നയത്തിന്റെ ഭാഗമാണ്. അവർക്ക് ആകെ ചെയ്യാൻ കഴിയുന്നത് പാസ്പോർട്ട് പുതുക്കിക്കൊടുക്കുക ജനന മരണ സർട്ടിഫിക്കറ്റുകൾ കൊടു

ക്കുക എന്നുള്ളതല്ലാതെ ജീവിതത്തിനും മരണത്തിനുമിടയിലുള്ള പ്രവാസിക ളുടെ ജീവത്തായ പ്രശ്നങ്ങളിലൊന്നും ഇടപെടാൻ എംബസികൾക്ക് കഴി യുന്നില്ല. അതുകൊണ്ട് ഈ ചർച്ചയുടെ ഭാഗമായി സംസ്ഥാന നിയമസഭ പൊതുവായി ആവശ്യപ്പെടേണ്ട ഒരു കാര്യം, ഇൻഡ്യയുടെ കുടിയേറ്റ നിയമ ത്തിൽ സമഗ്രമായ ഒരു മാറ്റം ഉണ്ടാക്കി പ്രവാസികൾക്ക് അനുകൂലമായ നിലപാട് ഇൻഡ്യാ ഗവൺമെന്റ് എടുക്കണമെന്നാണ്. ഇവിടെ ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞു ആശങ്കയുണ്ടാവേണ്ട കാര്യമില്ലെന്ന്. നമ്മൾ അനാവശ്യ മായ ആശങ്കയുണ്ടാക്കുന്നതാണോ; അവിടെ ആളുകൾക്ക് പുറത്തിറങ്ങാൻ കഴിയുന്നില്ല. ഇവിടെ നേരത്തെ പ്രവാസി കാര്യമന്ത്രി ശ്രീ. വയലാർ രവിയും വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദുമൊക്കെ പറഞ്ഞത് ആശങ്കയുടെ ഒരു പ്രശ്നവുമില്ലെന്നാണ്. ആശങ്കയില്ലെങ്കിൽ പിന്നെ എന്തിനാണ് നയതന്ത്ര പരമായി ബന്ധപ്പെടുന്നുവെന്ന് പറയുന്നത്? ആശങ്കയ്ക്ക് അടിസ്ഥാനമുണ്ട്. അവിടത്തെ ഇപ്പോഴത്തെ സ്ഥിതി എന്നുപറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു ഫ്രീ വിസ എന്ന ഒരു സംവിധാനമുണ്ടെന്ന്. ആ സംവിധാ നത്തിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് ആളുകൾ, മലപ്പുറം ജില്ല യിലെയും മലബാറിലെയും കേരളത്തിലെ മറ്റ് പല ജില്ലകളിലെയും വളരെ സാധാരണക്കാരായ ആളുകൾ അങ്ങനെ പോയിട്ടുണ്ട്. അവരിൽ പലരും സ്വ ന്തമായി ജോലി ചെയ്യുന്നു, ചിലർ ചെറുകിട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു, അവർക്ക് പുറത്തിറങ്ങാൻ കഴിയുന്നില്ല. അവർ പുറത്തിറങ്ങി യാൽ പോലീസും ലേബർ ഡിപ്പാർട്ട്മെന്റും പിടിക്കുകയാണ്. അങ്ങനെ പിടിക്കുമ്പോൾ സ്വാഭാവികമായി അവർ ജോലിചെയ്യുന്നിടത്തേയ്ക്ക് പോയി അവിടെ റെയ്ഡുകൾ നടത്തുന്നു. അതുകൊണ്ട് പലരും പുറത്തിറങ്ങാൻ ഭയപ്പെടുന്നുണ്ട്. അതുകൊണ്ട് ആശങ്കയ്ക്ക് അടിസ്ഥാനമില്ല എന്നു പറയു

ന്നതിൽ യാതൊരു അർത്ഥവുമില്ല. ആശങ്കയുണ്ട് എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇവിടെ പ്രസക്തമായ ചില കാര്യങ്ങളുണ്ട്, നമുക്ക് ഒരു പ്രവാസികാര്യ മന്ത്രാലയമുണ്ട്. അവിടെ കേരളീയനായ ശ്രീ. വയലാർ രവിയാണ് മന്ത്രി. ഈ പ്രതിസന്ധി ഉയർന്നുവന്ന ഘട്ടത്തിലോ അതിനുമു മ്പോ ഇത് സംബന്ധിച്ച് എന്തെങ്കിലുമൊരു മുന്നറിയിപ്പ് നൽകാൻ പ്രവാസി കാര്യമന്ത്രാലയത്തിന് കഴിഞ്ഞില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഈ ഗൗരവമായ പ്രശ്നം നയതന്ത്രപരാമയി കൈകാര്യം ചെയ്യുന്നതിൽ കേന്ദ്ര ഗവൺമെന്റ് ദയനീയമായ പരാജയമായിരുന്നു. ഇതിൽ ഒരു രാഷ്ട്രീ യത്തിന്റെ പ്രശ്നവുമില്ല. സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന കെ.എം.സി. സി.ക്കാരനോട് ചോദിച്ചാലും കോൺഗ്രസ്സ് അനുകൂലികളോട് ചോദിച്ചാലും ഇക്കാര്യത്തിൽ നമ്മുടെ എംബസിയും നമ്മുടെ ഗവൺമെന്റും ദയനീയമായി പരാജയപ്പെട്ടുവെന്ന് അവർ പറയും. അത് രാഷ്ട്രീയമല്ല, അതൊരു വസ്തു തയാണ്. മുസ്ലീം ലീഗിന്റെ കമ്മിറ്റി യോഗം ചേർന്നിട്ട് ശ്രീ. കെ.പി. എ. മജീദ് പറയുകയുണ്ടായി, സൗദി സ്വദേശിവത്കരണ പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റിന് വീഴ്ച സംഭവിച്ചിരിക്കുന്നുവെന്ന്. കേന്ദ്രഗവൺമെന്റ് ഇക്കാര്യ ത്തിൽ ഏറ്റവും ദയനീയമായി പരാജയപ്പെട്ടുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മുസ്ലിംലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. കെ.പി. എ. മജീദിന്റെ പ്രസ്താവന. അത് രാഷ്ഷ്ട്രീയ പ്രേരിതമല്ലല്ലോ? മലപ്പുറം ജില്ല യിലെ പ്രവാസികളിൽനിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലായിരി ക്കും അദ്ദേഹം അങ്ങനെ പറഞ്ഞത്. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. അത് കറക്റ്റായിട്ടുള്ള സ്റ്റേറ്റ്മെന്റായിരിക്കും. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് ആദ്യഘട്ടത്തിൽ നടപടിയെടുക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് പറയുന്നത് രാഷട്രീയപ്രേരിതമായ ഒരു കാര്യമായി കണ

ക്കാക്കാൻ കഴിയില്ല. പ്രധാനമന്ത്രി ഇക്കാര്യത്തിൽ മുൻകൈ എടുക്കണം. നമ്മുടെ രാജ്യവും സൗദി അറേബ്യയും തമ്മിൽ പതിറ്റാണ്ടുകളുടെ ഊഷ്മള മായ നയതന്ത്ര ബന്ധമുണ്ട്. നമ്മുടെ മലയാളികളുടെ, ഇൻഡ്യാക്കാരുടെ ജീവനും സ്വത്തിനും അവരുടെ തൊഴിലിനും സംരംക്ഷണം ലഭിക്കത്തക്ക വിധം ഒരു ഡിപ്ലോമാറ്റിക് ഇടപെടൽ ഇതുവരെ നടന്നില്ല എന്ന പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ലക്ഷക്കണക്കിന് ആളുകളുടെ തൊഴിലിന് ഭീഷണി നേരിടുന്ന ഒരു സന്ദർഭത്തിൽ നമ്മുടെ ഗവൺമെന്റ് കാണിക്കേണ്ട ജാഗ്രത ഇക്കാര്യത്തിൽ കാണിച്ചില്ല. രണ്ട് ഇറ്റാലിയൻ പൗരൻമാരുടെ പ്രശ്നത്തിൽ ഇറ്റാലിയൻ ഗവൺമെന്റ്, ഇൻഡ്യൻ നിയമം അവർക്ക് എതിരാണെന്നറി ഞ്ഞിട്ടും അവരുടെ താത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിൽ സംസ്ഥാന മുഖ്യമന്ത്രിയുടെ ഓഫീസിൽ വരെ വന്നു കിടക്കുകയായിരുന്നു. ഞാൻ വളരെ വിനയപൂർവ്വം ചോദിക്കുന്നു, ചായക്കടകളിലും സാധാരണ കടകളിലും ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് മലയാളികൾ അടക്കമുള്ള ഇൻഡ്യൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു നിമിഷം പോലും കേന്ദ്രഗവൺമെന്റ് മാറ്റിവച്ചില്ല എന്നുള്ളതാണ് സത്യം. അതാണ് പ്രശ്നം. ഇവിടെ നമ്മുടെ ഈ വികാരം കേന്ദ്ര ഭരണാധികാരികളെ ബോധ്യ പ്പെടുത്തേണ്ടതുണ്ട്. സഭയുടെ വികാരം ബോധ്യപ്പെടുത്തേണ്ടതുണ്ട്. കേവല മായ രാഷ്ട്രീയ വിരോധത്തിന്റെയോ, രാഷ്ട്രീയ പ്രശ്നത്തിന്റെയോ പേരിലല്ല. ഇക്കാര്യത്തിൽ സമഗ്രമായ ഒരു ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. പ്രധാനമന്ത്രി തന്നെ ഇടപെടേണ്ടതുണ്ട്. ഇൻഡ്യൻ എംബസിയിൽ ന്യായമാ യിട്ടുള്ള തരത്തിൽ മലയാളി ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ധാരാളം ആളുകൾ നാട്ടിൽ വരാൻ കഴിയാതെ വിഷമിച്ച് കഴിയുന്നുണ്ട്. അവരെ നാട്ടി ലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാകണം. ഇതിനാ

വശ്യമായിട്ടുള്ള ജീവനക്കാർ എംബസിയിലുണ്ടാകണം. എംബസി ഇക്കാര്യ ത്തിൽ ദയനീയമായ പരാജയമാണെന്നും ലീഗിന്റെ കമ്മിറ്റിയിൽ അഭിപ്രായം ഉയർന്നുവന്നുവെന്ന് വാർത്തകളുണ്ടായിരുന്നു. ഇവിടെ ഇത്രയും ഗൗരവമായ പ്രശ്നം നടന്നുകൊണ്ടിരിക്കുമ്പോൾ ഇൻഡ്യാ ഗവൺമെന്റിന്റെ നേതൃത്വത്തി ലുള്ള എയർ ഇൻഡ്യാ 'പുരകത്തുമ്പോൾ വാഴ വെട്ടുന്നു' എന്നു പറയുന്ന തുപോലെ വിമാനക്കൂലി വൻതോതിൽ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇതിനേക്കാൾ അപമാനകരമായ സ്ഥിതിവിശേഷമുണ്ടോ? ഒമ്പതിനായി രത്തിനും പതിനയ്യായിരത്തിനുമിടയിലായിരുന്ന സൗദി വിമാനച്ചാർജ്. പാവങ്ങൾ വൻതോതിൽ തിരിച്ചുവരുന്ന സമയത്ത് മുപ്പതിനായിരമൊക്കെ യായി വർദ്ധിപ്പിച്ചിരിക്കുകയാണ്. കേരളീയനായ വ്യോമയാന സഹമന്ത്രി ശ്രീ. കെ.സി.വേണുഗോപാൽ, ധാരാളം പ്രസ്താവനകൾ നടത്തുന്നുണ്ട്. പ്രസ്താ വനകൾക്ക് യാതൊരു പഞ്ഞവുമില്ല. പ്രസ്താവനകൾ അല്ല കാര്യം. നമ്മുടെ മലയാളികളുടെ, ഇൻഡ്യക്കാരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സൗദി ഭരണകൂടവുമായി ബന്ധപ്പെട്ട് അടിയന്തരമായി നടപടികൾ ഉണ്ടാക്കാൻ കഴി യണം. സൗദി ഗവൺമെന്റിനോട് നമുക്ക് തീർച്ചയായും നന്ദിയുണ്ട്. അക്കാര്യ ത്തിൽ യാതൊരു സംശയവുമില്ല. ഈ പ്രശ്നം തെറ്റായ വഴിക്ക് തിരിച്ച് വിടാൻ പാടില്ല. സൗദി ഗവൺമെന്റിന് എതിരായിട്ടുള്ള ഒരു വർത്തമാനമേ യല്ല ഇത്. ആ ഗവൺമെന്റുമായി നല്ല നിലയിൽ നയതന്ത്ര ബന്ധം പുലർത്തു കയും ഇൻഡ്യൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയ ന്തിരമായി സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. അവിടെ നിന്ന് ആളുകൾ തിരിച്ചുവരുന്ന സമയത്ത് സൗജന്യമായി നാട്ടിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ വിഷയം മെൻഷൻ ചെയ്യാൻ അനുവദിച്ചപ്പോൾത്തന്നെ അങ്ങ് പറഞ്ഞ വികാരം പൂർണ്ണമായി ഉൾക്കൊള്ളുകയാണ്. ഇത് ഇവിടെ ഒരു വിവാദമായി വരുന്ന ഒരു സാഹചര്യ മുണ്ടാകരുതെന്ന് അങ്ങ് പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി യോജി ക്കുന്നു. ശ്രീ. കെ.വി അബ്ദുൾ ഖാദർ അത് പൂർണ്ണമായി ഉൾക്കൊണ്ടുവെ ന്നതിൽ വളരെ സന്തോഷമുണ്ട്. നാം അടിയന്തരപ്രമേയം അവതരിപ്പിക്കു മ്പോൾ ആരെയെങ്കിലും കുറ്റപ്പെടുത്താതെ അടിയന്തരപ്രമേയത്തിന് ഒരു വാശിയും വീറുമൊന്നും വരില്ല. അത് സൗദി ഗവൺമെന്റിനെ ആകരുതെന്നേ ഞങ്ങൾക്കാഗ്രഹമുള്ളു. കേന്ദ്രഗവൺമെന്റിനെയും സംസ്ഥാനഗവൺമെന്റി നെയുമൊന്നും പറഞ്ഞാൽ കുഴപ്പമില്ല. ഞങ്ങൾ അത് കേൾക്കാൻ കാത്തിരി ക്കുകയാണ്. ഈ സംഭവത്തിന്റെ പേരിൽ ... മോഷ്ടാക്കളേക്കാൾ മോശമായി ട്ടാണ് സൗദി അറേബ്യ ഇൻഡ്യാക്കാരോട് പെരുമാറുന്നതെന്ന് പറഞ്ഞ നേതാ ക്കളുമുണ്ട്. അത് മറക്കരുത്. സൗദി ഗവൺമെന്റ് ആ രാജ്യത്തിന്റെ ഒരു നിയമം നടപ്പിലാക്കുകയാണ് ചെയ്തത്. ആ നിയമം കർക്കശമാക്കുമ്പോൾ നമ്മുടെ ആളുകൾക്ക് ബുദ്ധിമുട്ട് വരും. നമുക്കത് ആ രാജ്യത്തോട് സഹകരി ച്ച് അവരുടെ ഗുഡ്‌വിൽ കൂടി ഉപയോഗിച്ച് എങ്ങനെ അതിന് ഒരു പരിഹാരമു ണ്ടാക്കാൻ സാധിക്കുമെന്നാണ് ആലോചിക്കുന്നത്. അതിന് കേന്ദ്രഗവൺമെന്റ് ചെയ്തത് പോരാ, അല്ലെങ്കിൽ ചെയ്തിട്ടില്ല എന്നുപറയുന്നതിൽ ഒരു തെറ്റുമില്ല. സംസ്ഥാന ഗവൺമെന്റ് ചെയ്തത് പോരാ, ഇന്നതുകൂടിയൊക്കെ ചെയ്യണം. നമുക്ക് ചർച്ച ചെയ്യാം, കുറ്റപ്പെടുത്താം. ഒരു തെറ്റുമില്ല. പക്ഷേ നമ്മൾ സൗദി അറേബ്യയുമായിട്ടുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ട് തന്നെ പോകണം. ശ്രീ. കെ.വി അബ്ദുൾഖാദർ ആ നയം പൂർണ്ണമായും

ഉൾക്കൊണ്ടുകൊണ്ടാണ് സംസാരിച്ചതെന്ന് ഞാൻ പറഞ്ഞു. വ്യത്യസ്തമായ സ്വരങ്ങൾ പുറത്തുണ്ടായി. അങ്ങനെയുണ്ടാകരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തര കാര്യത്തിലോ നിയമത്തിലോ ഇടപെടാൻ നമുക്ക് സാധിക്കുകയില്ല. പക്ഷേ അവർ ഈ നിയമം കൊണ്ടുവന്നത് അടുത്ത ദിവസമല്ല. ഒരു കൊല്ലമായി. ഒരു കൊല്ലത്തിനിടയിൽ എന്തുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥന ഗവൺമെന്റും ഇടപെടാതിരുന്നത്. അതുകൊണ്ടല്ലേ ഈ പ്രശ്നമുണ്ടായത്.

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട കോടിയേരി ഈ നിയമം കൊണ്ടുവന്നത് 2009-ലാണ്. അന്ന് അങ്ങ് എന്ത് ചെയ്തു?

ഡോ.ടി.എം. തോമസ് ഐസക്: സർ, 2012-ലാണ് 10 പേരിൽ താഴെയുള്ളവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ചുരുങ്ങിയത് ഒരാൾ കൂടി വേണം സ്വദേശത്തുനിന്ന് വേണമെന്ന് അവർ പറഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇക്കാര്യം അങ്ങ് തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതായിരിക്കാം. പത്തിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ഒരു സ്വദേശിയെക്കൂടി എടുക്കണമെന്നുള്ള വ്യവസ്ഥ ഈ മാർച്ച് മാസത്തിലാണ് കൊണ്ടുവന്നത്. അതിനിപ്പോഴും സമയപരിധി കഴിഞ്ഞിട്ടില്ല. മാത്രമല്ല, അതിന് സമയപരിധി നിശ്ചയിച്ചിട്ടുമില്ല. പക്ഷേ ഒൻപതിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലും ഒരു സ്വദേശിയെ എടുക്കണമെന്ന പുതിയ ഒരു നിയമം ഈ മാർച്ച് മാസത്തിൽ കൊണ്ടുവന്നു. അതേസമയം പത്തോ പത്തിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ പത്ത് ശതമാനം ആളുകളെ വയ്ക്കണമെന്നുള്ളത് 2009-ൽ കൊണ്ടുവന്ന

നിയമമാണ്. എന്നാൽ അത് കർക്കശമാക്കിയിരുന്നില്ല. കഴിഞ്ഞ മാസം 27-ാം തീയതി ഇത് കർക്കശമാക്കി സമയപരിധി നിശ്ചയിക്കുകയും ചെയ്തു. ഏതായിരുന്നാലും ഒരു രാജ്യത്തിന്റെ നിയമം, പ്രസ്തുത നിയമം നടപ്പിലാക്കുന്നതിൽ നമുക്കവരെ കുറ്റപ്പെടുത്താൻ സാധിക്കുകയില്ല. പക്ഷേ നമ്മുടെ ബുദ്ധിമുട്ടുകൾ അറിയാവുന്നതുകൊണ്ടാണ് ഈ പ്രശ്നം വന്ന ഉടൻതന്നെ ഇന്ത്യൻ എംബസിയിലെ ഉദ്യോഗസ്ഥരുമായി എല്ലാ ദിവസവും ഞാൻ ബന്ധപ്പെട്ടുകൊണ്ടിരുന്നത്. ശ്രീ. കെ.വി. അബ്ദുൾ ഖാദർ, അങ്ങേയ്ക്ക് പരിചയമുള്ള ആരെങ്കിലും സൗദിയിൽ ഉണ്ടെങ്കിൽ അവരെ വിളിക്കണം. സൗദിയിലെ ഇന്ത്യൻ എംബസി ഈ പ്രശ്നത്തിന്മേൽ പ്രവർത്തിച്ചത് എങ്ങനെയാണ്? ഇരുപത്തിനാല് മണിക്കൂറും അവരവിടെ വർക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. അംബാസിഡർമാർ ഓരോ ദിവസവും പ്രധാനപ്പെട്ട സ്ഥലങ്ങളിൽപ്പോയി അവിടത്തെ ഭരണാധികാരികളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ വെള്ളിയാഴ്ച അവരെ വിളിച്ചിരുന്നു. സാധാരണ വെള്ളിയാഴ്ചകളിൽ അവിടത്തെ ഒരു ഓഫീസും ഫങ്ഷൻ ചെയ്യാറില്ല. പക്ഷേ ഇന്ത്യൻ എംബസിയിലെ മുഴുവൻ ഉദ്യോഗസ്ഥരും അവിടെ വർക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. ശനിയാഴ്ച ഞാൻ വിളിക്കുമ്പോൾ ഇന്ത്യൻ അംബാസിഡർ ദമാമിലെ ഗവർണ്ണറെ കാണാൻ പോയിരിക്കുകയായിരുന്നു.

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u>: സർ, ഏതു രാജ്യത്തെ ഗവൺമെന്റായാലും അവരുമായി പോളിസി ഇഷ്യു ചർച്ച ചെയ്യുന്നതിൽ അംബാസിഡർമാർക്ക് പരിമിതിയുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമല്ലോ. ഇത് അവിടത്തെ ഗവൺമെന്റിന്റെ ഒരു പോളിസി ഇഷ്യുവാണ്. ഇത്തരം കാര്യങ്ങളിൽ തീർച്ചയായും Government to Government ചർച്ച

ഉണ്ടാകേണ്ടതല്ലേ? അതുണ്ടായിട്ടില്ലായെന്നുള്ളതാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എംബസിക്ക് ചെയ്യാൻ സാധിക്കുന്ന ചില കാര്യങ്ങളുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ പോളിസി ഇഷ്യുവിൽ ഗവൺമെന്റാണ് ഇടപെടേണ്ടത്. ഇക്കാര്യത്തിൽ നമ്മൾ സ്വീകരിക്കേണ്ട സമീപനമെന്താണ്? അതാണ് ശ്രീ. കെ.സി. ജോസഫ് ഇവിടെ സൂചിപ്പിച്ചത്. ഈ ഇഷ്യു വന്നപ്പോൾത്തന്നെ സൗദിയിലുള്ള നമ്മുടെ പ്രധാനപ്പെട്ട വ്യക്തി കളുമായും എംബസിയുമായും ബന്ധപ്പെട്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചു. അതിൽ ഒന്നാമത്തേത് ഒരു പൊതു മാപ്പിന് അവസരം ലഭിക്കണം. പൊതുമാപ്പിന് ലഭിക്കുന്ന അവസരത്തിനുള്ളിൽ സ്പോൺസർഷിപ്പ് മാറാനുള്ള അവസരം സൃഷ്ടിക്കുക, ഫ്രീ വിസയിൽ നിൽക്കുന്നവരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക, സ്പോൺസറുടെ നിയന്ത്രണത്തിൽനിന്ന് ഓടിപ്പോയവർക്കെതി രെയുള്ള നടപടികളിൽ നിന്ന് മോചനം ലഭിക്കുക, അങ്ങനെയുള്ള കാര്യങ്ങ ളെല്ലാം പൊതുമാപ്പിന്റെ പരിധിയിൽപ്പെടുത്താവുന്നതാണ്. രണ്ടാമതായി, ഇന്നിപ്പോൾ അവർ നടപ്പിലാക്കുന്ന പുതിയ നിയമം – കാറ്റഗറൈസേഷൻ, അത് അവരുടെ നയപരമായ തീരുമാനമാണ്. അതിൽ നമ്മൾ ഇടപെടുന്നില്ല. പക്ഷെ അതുമൂലം ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുവേണ്ടി യുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. അതിനുപുറമെ ആരെങ്കിലും നിയ മത്തിന് വിധേയമാകാതെവന്ന് പുറത്ത് പോകേണ്ടിവന്നാൽ അവർക്ക് ട്രാവൽ ബാൻ (ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകുന്നതിനുള്ള നിരോധനം) ഏർപ്പെടു ത്താതിരിക്കുക എന്നതാണ് മുഴുവൻ ആളുകളുടെയും ആഗ്രഹം. പൊതു മാപ്പും അതോടൊപ്പം തിരിച്ച് നാട്ടിലേക്ക് വരുന്നവർക്ക് ട്രാവൽ ബാൻ

ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക എന്നതാണ് സൗദി ഗവൺമെന്റിനു മുന്നിൽ ഇന്ത്യാ ഗവൺമെന്റ് വയ്ക്കേണ്ട നയപരമായ കാര്യം. ഇതുസംബന്ധിച്ച് ഉന്നതതല ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. വയലാർ രവിയും കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് സാഹിബും ഇന്ന് പ്രധാനമന്ത്രിയുമായി ചർച്ച നടത്തും. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളുണ്ടാകും. ഞാൻ പറഞ്ഞ ഈ നിർദ്ദേശങ്ങൾ ഇതിനോടകംതന്നെ ശ്രീ. ഇ. അഹമ്മദ് അദ്ദേഹം സന്ദർശിച്ച രാജ്യത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉയർന്ന ലെവലിൽതന്നെ ടേക്ക്-അപ് ചെയ്യും. അതോടൊപ്പം കേന്ദ്രഗവൺമെന്റ് ചെയ്യേണ്ട ചില കാര്യങ്ങൾ പ്രധാനമന്ത്രിയുടെയും കേന്ദ്ര മന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗൾഫിൽനിന്ന് നാട്ടിലേക്ക് വരുന്നവർ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. എയർ ഇന്ത്യ വിമാനനിരക്ക് വർദ്ധിപ്പിച്ചതിനെയല്ല ഞങ്ങൾ എതിർക്കുന്നത്. ഇങ്ങനെ വരുന്ന മുഴുവൻ യാത്രക്കാരുടെയും വിമാനയാത്രാ ചെലവ് കേന്ദ്രഗവൺമെന്റ് വഹിക്കണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ അഭിപ്രായം. വിമാനനിരക്ക് വർദ്ധിപ്പിച്ചത് സൗദിയിൽ നിന്ന് മടങ്ങുന്നവരെ ബാധിക്കുകയില്ലെന്ന് മാത്രമല്ല, അവരെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ചെലവിൽ കൊണ്ടുവരും.

ഡോ. തോമസ് ഐസക്: സർ, ഇതിലൊരു വസ്തുതാപരമായ തിരുത്തലുണ്ട്. ആദ്യം ഞാൻ ഡേറ്റ് പറയാം. 2012 ഓക്ടോബർ 16 -നാണ് എസ്.എം.ഇ. സെക്ടറിലേക്ക് നാട്ടിൽ നിന്നും മിനിമം എംപ്ലോയ്മെന്റ് ഉണ്ടാകണമെന്നുള്ള നിബന്ധന വരുത്തിയത്. ഇത് കൃത്യം ഡേറ്റാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ ഇത് ചെക്ക് ചെയ്യാം. ഞാൻ ഇത് അങ്ങേയ്ക്ക് കാണിച്ചു

തരാം. രണ്ടാമതായി ഇവിടെ പറഞ്ഞത്, പൊതുമാപ്പ് കൊടുക്കുന്ന കാര്യത്തെക്കുറിച്ചും അവരെ തിരിച്ച് നാട്ടിൽ കൊണ്ടുവരുന്നതിനെക്കുറിച്ചുമാണ്. അവർ തിരിച്ചുവരുമ്പോൾ ഇവിടെ റീ-ഇന്റഗ്രേഷന്റെ പ്രശ്നമില്ലേ? ഏറ്റവും ദുർബലരായിട്ടുള്ള വിഭാഗം തിരിച്ചുവന്നുകഴിഞ്ഞാൽ അവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനോ അല്ലാത്തവർക്ക് അങ്ങോട്ട് തിരിച്ചുപോകാനോ വേറൊരിടത്ത് പോകാനോ ഉള്ള നടപടി, അതിനെക്കുറിച്ച് എന്താണ് സൂചിപ്പിക്കാത്തത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അങ്ങ് എന്നെയൊന്ന് പറയാൻ അനുവദിക്കണം. ഞാൻ പ്രധാനമന്ത്രിക്ക് അയച്ച കത്താണ്. "...... I suggest that, the Central and State Government prepare the scheme which provides for effective rehabilitation of such returnees. Kerala Government will be willing to provide its share to any such programme for effective rehabilitation........" ഇക്കാര്യം പറയാൻ സമ്മതിക്കാതെ അങ്ങ് പറഞ്ഞാലോ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്</u>): സർ, ഡോ. തോമസ് ഐസക് പറഞ്ഞത് ശരിയല്ല. 2009 ജൂലൈ 27-നാണ് നിതാഖാത്തിന്റെ ആദ്യ വെരിഫിക്കേഷനുണ്ടായത്. ഞാൻ പ്രസ്തുത രേഖ സഭയിൽ കൊണ്ടുവരാം.

<u>ഡോ. തോമസ് ഐസക്</u>: സർ, ഇവിടെ അതല്ല ചർച്ച ചെയ്തുകൊണ്ടിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എസ്.എം.ഇ. സെക്ടറിലേക്ക് നിതാഖാത്ത് മാറ്റിയതിനെക്കുറിച്ചാണ്; അല്ലാതെ എന്നാണ് ആ നയം തുടങ്ങിയത് എന്നുള്ളതല്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഞാൻ പ്രധാനമന്ത്രിക്ക് അയച്ചത് വ്യക്തമായ ഒരു പാക്കേജാണ്. അതായത് കേന്ദ്ര ഗവൺമെന്റും സൗദി ഗവൺമെന്റും തമ്മിലുള്ള കാര്യങ്ങളും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി ചെയ്യേണ്ട റീഹാബിലിറ്റേഷൻ പാക്കേജുമാണ് വച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ സജീവമായി ഇടപെട്ടിട്ടുണ്ട്. അവർ ഇക്കാര്യത്തിൽ ഉയർന്ന ലെവലിൽതന്നെ മുന്നോട്ട് പോകും. സൗദി ഗവൺമെന്റുമായി നമുക്ക് നല്ല ബന്ധമാണുള്ളത്. ആ നല്ല ബന്ധം നില നിർത്തിക്കൊണ്ടുതന്നെ ഉന്നത തലത്തിൽ ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണം, പരിഹാരം ഉണ്ടായേ മതിയാകൂ. പക്ഷേ നമുക്ക് ഒരിക്കലും ഒരു രാജ്യത്തിന്റെ നിയമത്തെ ചോദ്യം ചെയ്യാൻ അവകാശമില്ല. അത് നമ്മൾ അംഗീകരിക്കുന്നതോടൊപ്പം നമ്മുടെ ബുദ്ധിമുട്ടുകളും, പരിമിതി കളും അവരെ ബോദ്ധ്യപ്പെടുത്തി അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുക യാണ് വേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ചില ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഇത് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അതെല്ലാം സൗഹാർദ്ദപരമായ അന്തരീ ക്ഷത്തിൽ പരിഹരിക്കണമെന്നുള്ളതാണ് സൗദിയിലുള്ള നമ്മുടെ സുഹൃത്തു ക്കളുടെയും ആഗ്രഹം. കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അതനുസരിച്ച് തന്നെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ അങ്ങേ യറ്റത്തെ സമചിത്തത പാലിക്കാൻ നമ്മളും മാധ്യമങ്ങളുമെല്ലാം തയ്യാറാകണം. ഇതിലൂടെ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതിന് നമ്മൾ തയ്യാറാകണം. ആയതിനാൽ ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്ന് കരുതുന്നില്ല.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട കെ. വി. അബ്ദുൾഖാദർ സംസാരിച്ചപ്പോൾ കെ.പി.എ. മജീദ് നടത്തിയൊരു പ്രസ്താവനയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. അത്തരം പരാമർശം തികച്ചും അടിസ്ഥാനരഹിതമാണ്. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. മാത്രമല്ല, ഇക്കാര്യം താജക്കിസ്ഥാനിൽ ഔദ്യോഗിക പര്യടനം നടത്തുന്ന ശ്രീ. ഇ. അഹമ്മദിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ പ്രധാനമന്ത്രിയുമായി ബന്ധപ്പെട്ട് ഔദ്യോഗിക പര്യടനം വെട്ടിച്ചുരുക്കുകയും അദ്ദേഹം സൗദിയിലേയ്ക്ക് പോവുകയുമാണ് ചെയ്തത്. മാത്രമല്ല, അദ്ദേഹത്തിന്റെ പര്യടനത്തിന് ഫലമുണ്ടായിയെന്നുള്ള വസ്തുതയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സൗദി ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരക്കണക്കിന് മലയാളികൾ പിരിഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുന്നവർക്ക് എന്ത് സഹായമാണ് കേരള ഗവൺമെന്റ് ചെയ്തിരിക്കുന്നതെന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നുംതന്നെ പറഞ്ഞുകേട്ടില്ല. ഇന്ത്യൻ പ്രവാസികാര്യവകുപ്പുമന്ത്രി ശ്രീ. വയലാർ രവി ജീവിച്ചിരിപ്പുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി ഇടയ്ക്കിടയ്ക്ക് ചില പ്രസ്താവനകൾ നടത്തുന്നി

ല്ലെന്ന് ഞാൻ പറയുന്നില്ല. ആ പ്രസ്താവനകൾകൊണ്ടുമാത്രം കാര്യമില്ല. ബഹുമാനപ്പെട്ട പ്രവാസികാര്യവകുപ്പുമന്ത്രി പ്രധാനമന്ത്രിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ടു സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഈ പ്രശ്നപരിഹാരത്തിന് സജീവമായ ഇടപെടൽ നടത്തേണ്ടിയിരുന്നു; എന്നാൽ, അങ്ങനെ യാതൊരുവിധ നടപടി യുമുണ്ടായില്ല. ഓരോ വർഷവും പ്രവാസി മലയാളികളിൽനിന്ന് ദശലക്ഷക്ക ണക്കിന് രൂപയാണ് കേന്ദ്രഗവൺമെന്റിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. നന്ദിയി ല്ലായ്മയെന്നാണ് പറയേണ്ടതെങ്കിലും അങ്ങനെ പറയുന്നില്ല. അങ്ങനെയുള്ള പ്രവാസി സഹോദരങ്ങളെ ജയിലിൽ കൊണ്ടുപോവുകയും അവിടെ നിന്ന് അവരെ കയറ്റിവിടുകയാണെന്നുമാണ് റിപ്പോർട്ടുകളിലൂടെ വ്യക്തമാകുന്നത്. ഇന്ത്യയുടെ സൗഹൃദരാജ്യമായ സൗദി പ്രവാസി മലയാളികൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ലാതെ വിമാനത്തിൽ കയറാനുള്ള സൗകര്യംപോലും ചെയ്തു കൊടുത്തില്ലെന്നുള്ളത് വളരെ ദുഃഖകരമായ കാര്യമാണ്. സൗദിയിലെ നിയമ ത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊക്കെ ചെയ്തേപറ്റൂ. പത്ത് പേരിൽ കൂടുതൽ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒരാളെ പിരിച്ചുവി ടുന്നുവെന്നത് കേട്ടാൽ വളരെ മര്യാദയുള്ളൊരാവശ്യമാണ് അവർ മുന്നോട്ടു വച്ചിരിക്കുന്നതെന്ന് തോന്നും. 2009-ലാണോ 2012-ലാണോ ഈ നിയമം വന്നതെന്നതിനെ സംബന്ധിച്ച് തർക്കിക്കേണ്ട സമയമല്ല. അന്നൊന്നും ഇത് ശക്തമായ നിലയിലുള്ള ആവശ്യമായി ലോകമറിഞ്ഞിട്ടില്ല. ഇപ്പോഴാണ് ഇതൊരു ശക്തമായ നിലപാടായി ലോകമറിയുന്നത്. അപ്പോൾ അക്കാര്യങ്ങ ളെപ്പറ്റിയാണ് പറയേണ്ടത്. 2009-ൽ എല്ലാവർക്കും മനസ്സിലാക്കത്തക്ക നില യിലുള്ള ശക്തമായൊരു ആവശ്യമായിരുന്നെങ്കിൽ അതിനനുസരിച്ചുള്ള പ്രതി കരണം കേരളത്തിൽ നിന്നുണ്ടാകുമായിരുന്നുവെന്നതിൽ യാതൊരു സംശയ

വുമില്ല. ഇത്തരമൊരാവശ്യം ശക്തമായി ഉന്നയിച്ചിരുന്നത് 2012-ൽ ആണെങ്കിൽ ഈ ഗവൺമെന്റ് ശക്തമായി സ്വീകരിക്കുമായിരുന്നുവെന്ന കാര്യത്തിലും യാതൊരു സംശയവുമില്ല. പക്ഷേ, ശക്തമായ നിലയിലുള്ള ഒരാവശ്യം വന്നിരിക്കുന്നത് ഇപ്പോഴാണ്. ഇക്കാര്യത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ ഇപ്പോൾ എടുത്തിട്ടുള്ള നിലപാടുകളെപ്പറ്റി ഇവിടെ വിവരിച്ചു. അങ്ങനെ വിവരിച്ച കാര്യങ്ങളിലൊന്നുംതന്നെ ആക്ഷേപം പറയുന്നില്ല. പക്ഷേ, ഇവിടെ നടത്തുന്ന ലളിതമായ വർത്തമാനം കൊണ്ടൊന്നും സൗദി ഗവൺമെന്റ് നിലപാട് മാറ്റാൻ പോകുന്നില്ല. കഴിഞ്ഞ എത്രയോ വർഷക്കാലമായി മണലാരണ്യത്തിൽ കഷ്ടപ്പെട്ട് പണിയെടുത്തതിന്റെ ന്യായമായ വിഹിതം കേന്ദ്രഗവൺമെന്റിന് ലഭിച്ചുകൊണ്ടിരുന്നിട്ടുപോലും അവരുടെ പ്രശ്നത്തിൽ ഉറച്ചൊരു സമീപനമെടുക്കാൻ എന്തുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കഴിഞ്ഞില്ലെന്നത് അത്ഭുതകരംതന്നെ. അതുകൊണ്ടാണ് ഇത് നന്ദികേടാണെന്ന് പറയേണ്ടിവരുമെന്ന് നേരത്തെ സൂചിപ്പിച്ചത്. പക്ഷേ, കേരളത്തിലെയും കേരളത്തോട് സൗഹൃദമുള്ള മറ്റ് പ്രദേശങ്ങളിലേയും ജനങ്ങൾ അങ്ങനെ ചിന്തിച്ചാൽ അതിൽ അത്ഭുതപ്പെടാനില്ല. അതുകൊണ്ട് പ്രതിപക്ഷ കക്ഷിയംഗങ്ങൾ ഇനി എന്താണ് ചെയ്യേണ്ടത്. യാത്രാക്കൂലി ഒഴിവാക്കുന്നതിന് കേന്ദ്രഗവൺമെന്റ് ഇടപെടുക, ഈ നിയമം കുറച്ചുകാലത്തേയ്ക്ക് നീട്ടി വയ്ക്കാൻ കഴിയുമെങ്കിൽ അതിനുവേണ്ടിയുള്ള പരിശ്രമം നടത്തുക, പത്തു പേരിൽ കൂടുതൽ എന്നൊക്കെ പറയുന്നതിൽ കുറവുവരുത്താൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ സൗദിയുമായി ആലോചിച്ച് ചെയ്യേണ്ടതുണ്ട്. അഞ്ഞൂറിൽപ്പരം ആളുകൾ ഇതിനോടകംതന്നെ സ്വദേശത്തേയ്ക്ക് തിരിച്ചുവന്നുകഴിഞ്ഞു. അങ്ങനെ തിരിച്ചുവന്ന ആളുക

ളുടെ റീഹാബിലിറ്റേഷനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്ത് നടപടിക ളാണ് സ്വീകരിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞില്ല. നിസ്സഹായ രായി കഴിയുന്ന സഹോദരങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഇന്ത്യൻ പ്രധാന മന്ത്രിതന്നെ ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കണം. എന്നാൽ അത്തരം നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് പറഞ്ഞിട്ടു ണ്ടെന്നുള്ള കാര്യത്തിൽ ഞാൻ തർക്കിക്കുന്നില്ല. പറഞ്ഞിട്ടുണ്ടാകാം. പക്ഷേ, ഫലംകണ്ടില്ല. അതിനായി കേന്ദ്രഗവൺമെന്റിന് നിവേദനം സമർപ്പിക്കുന്നതിന് പ്രതിപക്ഷ കക്ഷിയംഗങ്ങൾ കൂടി വരാത്തതാണ് പ്രശ്നമെങ്കിൽ ഞങ്ങൾ കൂടി വരാൻ തയ്യാറാണ്. കേന്ദ്ര ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇടപെട്ടത് ശരിയായ രീതിയിലല്ല, അത് തൃപ്തികരമായില്ല, അത് കേരളത്തിലെ ജനങ്ങൾ അങ്ങേയറ്റത്തെ വിമർശനത്തിന് വിധേയമാക്കിയിരിക്കുകയാണ് എന്നൊക്കെ യുള്ള കാര്യങ്ങൾ ഒന്നുകൂടി അവരെ അറിയിക്കുക. അതല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഭരണ-പ്രതിപക്ഷാംഗങ്ങൾ ചേർന്ന് പ്രധാനമന്ത്രിയോട് പറയണമെന്നുള്ള ആവശ്യമാണ് ഉന്നയിക്കുന്നതെങ്കിൽ അതിനും ഞങ്ങൾ തയ്യാറാണെന്നുള്ള കാര്യം അറിയിക്കുകയാണ്. ഈ പാവപ്പെട്ട, സൗദിയിൽ നിന്ന് തിരിച്ചുവരുന്ന നിസ്സഹായരായ ആയിരത്തോളം ആളുകളുടെ കാര്യ ത്തെസംബന്ധിച്ച് ശക്തമായിട്ടുള്ള ആവശ്യമുന്നയിച്ചില്ലെന്ന് വരാതിരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ, ഞങ്ങൾ വാക്കൗട്ട് നടത്തണോ; നിങ്ങൾ പറയണം.

മി. സ്പീക്കർ: യോജിച്ചുപോകുന്നതാണ് നല്ലത്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: ഇക്കാര്യത്തിൽ യോജിച്ചുള്ളൊരു പരിശ്രമത്തിന് സന്നദ്ധമാണെന്നുള്ള കാര്യം കൂടി അറിയിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുന്നില്ല.